LIBRARY ARCHIVES.Kerala Legislative Assembly

ഉത്തരം

(എ) റാന്നി താലൂക്കിലെ വടശ്ശേരിക്കര വില്ലേജിൽ സർവ്വേ നമ്പർ 95/1 ബി നമ്പർ 32-ൽപ്പെട്ട 20.45 ആർ ഭൂമി; പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) എം.ഒ.പി.എഫ്. 2014-15 (കേന്ദ്ര വിഹിതം)-ൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപ ചെലവിൽ പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര സർക്കിൾ ഇൻസ്പെക്ടർ കാര്യാലയത്തിൽ ഇൻസ്പെക്ടറുടെ ഓഫീസ്, സി.ഐ. ഓഫീസ് മുറി, റിക്കാർഡ് റൂം, റൈറ്ററുടെ റൂം, ടോയ്ലറ്റ് തുടങ്ങിയ സൗകര്യങ്ങളാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്.

(സി) ഇല്ല; നിർമ്മാണത്തിന്റെ മേൽനോട്ടം വഹിക്കുന്നത് കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ്.

(ഡി) ബാധകമല്ല.

സിഗ്നൽ ലൈറ്റുകളിൽ സി.സി.ടി.വി. ക്യാമറകൾ

220 (1964) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ മിച്ചൽ ജംഗ്ഷൻ, തട്ടാരമ്പലം ജംഗ്ഷൻ, ചാരുമൂട് ജംഗ്ഷൻ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സിഗ്നൽലൈറ്റുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

മാവേലിക്കര മണ്ഡലത്തിൽ മിച്ചൽ ജംഗ്ഷൻ, തട്ടാരമ്പലം ജംഗ്ഷൻ, ചാരുമൂട് ജംഗ്ഷൻ എന്നിവിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന സിഗ്നൽ ലൈറ്റുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

ചെക്ക് പോസ്റ്റുകളിലൂടെ കള്ളക്കടത്ത്

221 (1965) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ വൻതോതിൽ കള്ളക്കടത്ത് നടക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കള്ളക്കടത്ത് തടയുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ;

(സി) ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് വിജിലൻസ് പരിശോധന നടത്തിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) കള്ളക്കടത്ത് തടയുന്നതിന് പ്രത്യേക പോലീസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അതിർത്തി പോലീസ് സ്റ്റേഷനുകളിൽ പട്രോളിംഗ്, ബീറ്റ് സംവിധാനം എന്നിവ ഫലപ്രദമായി നടപ്പിലാക്കിയും, ഇടറോഡുകളിലെ റൂട്ടുകളിൽ പരിശോധനകൾ നടത്തിയും, കർശനമായ വാഹന പരിശോധനകൾ നടത്തിയും കള്ളക്കടത്ത് തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിവിധ ചെക്ക് പോസ്റ്റുകളിൽ വിജിലൻസ് മിന്നൽ പരിശോധനകൾ നടത്തുകയും കുറ്റകൃത്യങ്ങളുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുകയും ചെയ്ത വിജിലൻസ് കേസുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) കള്ളക്കടത്ത് തടയുന്നതിന് പ്രത്യേകമായി പോലീസ് സ്ക്വാഡ് രൂപീകരിച്ചിട്ടില്ല.

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

222 (1966) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 2011 മുതൽ എത്ര കുട്ടികൾക്കെതിരെ അതിക്രമങ്ങൾ നടന്നിട്ടുണ്ട് എന്നറിയിക്കാമോ ;

(ബി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly